**<u>ജനറൽ റിക്രൂട്ട്മെന്റ് – ജില്ലാതലം</u>**

**<u>കാറ്റഗറി നമ്പർ : 111/2022</u>**

താഴെപ്പറയുന്ന തസ്തികയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി മാത്രം 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം പി.എസ്.സി യുടെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in ലൂടെ അപേക്ഷകൾ ക്ഷണിക്കുന്നു. ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

**<u>പാർട്ട് I – നേരിട്ടുള്ള നിയമനം</u>**

**1. വകുപ്പ് : വനം**

**2. തസ്തികയുടെ പേര് : ഫോറസ്റ്റ് ഡ്രൈവർ**

<u>കുറിപ്പ് </u>:ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികളും വനിതാ ഉദ്യോഗാർത്ഥികളും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ അർഹരല്ല.

**3. ശമ്പളം : ₹ 19,000 – 43,600/-(PR)**

**4. ഒഴിവുകളുടെ എണ്ണം : ജില്ലാതലം**

| | |
|---|---|
| തിരുവനന്തപുരം | : പ്രതീക്ഷിത ഒഴിവുകൾ |
| പത്തനംതിട്ട | : 01 (ഒന്ന്) |
| മലപ്പുറം | : 01 (ഒന്ന്) |

കുറിപ്പ്**:**

*(i)* ഈ തസ്തികയുടെ പേര്, പ്രായപരിധി, യോഗ്യതകൾ എന്നിവ 30.08.2010 ലെ G.O(P)No. 60/2010/F & WLD (SRO No.861/2010), 16.07.2012 ലെ G.O(Ms)No. 77/2012/F & WLD, 20.09.2014 ലെ G.O(P)No. 84/2014/F & WLD (SRO No.574/2014), 17.02.2016 ലെ G.O(P)No. 2/2016/F & WLD (SRO No. 199/2016) ।എന്നിവ പ്രകാരമാണ് വിജ്ഞാപനം ചെയ്തിരിക്കുന്നത്.

*(ii)* ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ ഒന്നിലധികം ജില്ലകളിലേക്ക് അപേക്ഷിയ്ക്കുവാൻ പാടുള്ളതല്ല. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിലേയ്ക്ക് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതുമാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇതേ ഉദ്യോഗത്തിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

*(iii)* ഈ വിജ്ഞാപനപ്രകാരം ജില്ലാ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ്, റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിന് ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുകയില്ല. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കുന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശ നടത്തുന്നതാണ്.

*(iv)* ഉദ്യോഗാർത്ഥികളുടെ എസ്.എസ്.എൽ.സി ബുക്കിലെ ജാതി സംബന്ധിച്ച രേഖപ്പെടുത്തലിൽ വ്യത്യാസം ഉണ്ടാകുന്ന സാഹചര്യത്തിൽ അപേക്ഷയിൽ അവകാശപ്പെട്ടിട്ടുളള ജാതി തെളിയിക്കുന്നതിനു റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രിമീലെയർ സർട്ടിഫിക്കറ്റ് എന്നതിനോടൊപ്പം ഇതു സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി തെരഞ്ഞെടുപ്പിന്റെ വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

*(v)* ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971 –ലെ GO(Ms)No.154/71/PD. യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961–ലെ GO(Ms)No.4/61/PD യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്.

**5. നിയമനരീതി : നേരിട്ടുളള നിയമനം**
**(ജില്ലാ അടിസ്ഥാനത്തിൽ)**

കുറിപ്പ് : നേരിട്ടുളള നിയമനത്തിനായി 90% ഒഴിവുകളും തസ്തികമാറ്റം വഴിയുളള നിയമനത്തിനായി 10% ഒഴിവുകളും നീക്കി വച്ചിട്ടുണ്ട്. അനുവദിച്ചിട്ടുളള ഒഴിവുകളുടെ ശതമാനം കണക്കാക്കി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതാണ്. ആദ്യത്തെ ഒൻപത് ഊഴങ്ങൾ നികത്തുന്നത് നേരിട്ടുള്ള നിയമനം മുഖേനയും പത്താമത്തെ ഊഴം നികത്തുന്നത് തസ്തികമാറ്റം മുഖേനയുമായിരിക്കും.

| | | | |
|---|---|---|---|
| 6 | **പ്രായപരിധി** | : | **23-36;** ഉദ്യോഗാർത്ഥികൾ 02.01.1986 നും 01.01.1999-നും (രണ്ട് തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം<br><u>കുറിപ്പ്:</u><br>(i) മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉള്ളവർക്കും ഉയർന്ന പ്രായപരിധിയിൽ പൊതു വ്യവസ്ഥകളിലെ പാർട്ട് II ലെ ഖണ്ഡിക 2(i) പ്രകാരമുള്ള നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും.<br><br>(ii) യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് // -ലെ പൊതുവ്യവസ്ഥകൾ *(ഖണ്ഡിക 2)* നോക്കുക. |
| 7. | **യോഗ്യതകൾ** | (a) | എസ്.എസ്.എൽ.സി അല്ലെങ്കിൽ ഭാരതസർക്കാരോ/ കേരള സർക്കാരോ അംഗീകരിച്ച തത്തുല്യ പരീക്ഷ ജയിച്ചിരിക്കണം.<br>കുറിപ്പ് :<br>i) KS & SSR Part II Rule 10(a)(ii) ബാധകമാണ്.<br><br>ii) തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ആയത് തെളിയിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ഒറ്റത്തവണ പ്രമാണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുമ്പോഴോ ഹാജരാക്കേണ്ടതാണ്. |
| | | (b) | എല്ലാത്തരം ട്രാൻസ്പോർട്ട് വാഹനങ്ങളും (LMV, HGMV & HPMV) ഓടിക്കുന്നതിനുള്ള മോട്ടോർ ഡ്രൈവിംഗ് ലൈസൻസും മോട്ടോർ വാഹനങ്ങൾ ഓടിച്ചുള്ള 3 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയവും. |

കുറിപ്പ്:

(i) ഡ്രൈവിംഗ് ലൈസൻസ്, തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും (അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി, ഒ.എം.ആർ പരീക്ഷ, പ്രായോഗിക പരീക്ഷ, കായികക്ഷമതാ പരീക്ഷ എന്നിവ) സാധുവായിരിക്കണം.

(ii) ഡ്രൈവറായുള്ള മൂന്ന് വർഷത്തെ പ്രവൃത്തിപരിചയം തെളിയിക്കുന്നതിന് താഴെപ്പറയുന്ന മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

(iii) ഡ്രൈവിംഗ് പ്രാവീണ്യം പരിശോധിക്കുന്നതിന് ഒരു പ്രായോഗിക പരീക്ഷ പി.എസ്.സി നടത്തുന്നതാണ്.

**EXPERIENCE CERTIFICATE**

Name of the Firm:
(Company/Corporation/Government Department/Co-op Institution etc)

Registration Number & Date of Registration:

Registration Issuing Authority:

This is to certify that Sri……………………………………………………...…… ………………………………………………………… *(Name and address of the Candidate)* has worked/has been working in this institution as Driver (LMV, HGMV & HPMV)……………………………. (Here enter the nature of assignment viz Casual labourer/ paid/unpaid apprentice/regular worker or any other capacity holding or held in the institution) on Rs…………………………… per day/per mensum for the period of …………. years ……………..... months……………………. days from……………… to ………………………..

*Dated Signature, Name & Designation of the Issuing Authority with name of the Institution.*

Place
Date: (*Office* Seal)

**CERTIFICATE**

Certified that Sri…………………………………………………….. mentioned in the above experience certificate has worked/is working as Driver (LMV, HGMV & HPMV)………………. (Specify nature of employment) in the above institution during the period mentioned therein as per the entry in the Register *(Name of the Register to be specified)* maintained by the employer as per the provisions of the ………………………………….Act (Name of Act/Rules to be specified). Also certified that I am the authorized person to inspect the Registers kept by the Employer as per the provisions of the Act/Rules of the State/Central Government.

*Signature with Date*
*Name of the Attesting Officer with Designation and Name of Office who is the* notified enforcement officer as per Act and Rules.

*Place:*
*Date :* *(Office Seal)*

(The Experience Certificate and Certificate of countersigning authority should be in a single page.)

കുറിപ്പ്:

**1.** അക്കാദമിക് അല്ലെങ്കിൽ മറ്റ് അടിസ്ഥാന യോഗ്യത നേടിയതിനു ശേഷം ആയിരിക്കണം തൊഴിൽ പരിചയം നേടിയിരിക്കേണ്ടത്.

**2.** പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും, വ്യാജ സർട്ടിഫിക്കറ്റ് നൽകുന്നവരുടെയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃതമായ നടപടി കൈക്കൊള്ളുന്നതുമാണ്. പരിചയ സർട്ടിഫിക്കറ്റ് സംസ്ഥാന/കേന്ദ്ര സർക്കാരിലെ അംഗീകൃത ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിരിക്കണം.

**3.** തൊഴിൽ പരിചയം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 20 കാണുക.

**<u>പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തവർക്കുള്ള സത്യവാങ്മൂലം</u>**

ശ്രീ.................................................................................................... (ഉദ്യോഗാർത്ഥിയുടെ പേരും മേൽ വിലാസവും) എന്ന ഞാൻ ..................................................................സ്ഥാപനത്തിൽ (സ്ഥാപനത്തിന്റെ പേര്, കമ്പനി, കോർപ്പറേഷൻ, സർക്കാർ വകുപ്പ്, സഹകരണ സ്ഥാപനം മുതലായവ) ................................തസ്തികയിൽ സ്ഥിരമായി/താൽക്കാലികമായി/അപ്രന്റീസ്/ട്രെയിനി/കാഷ്വൽ ലേബറർ ആയി (ബാധകമല്ലാത്തത് വെട്ടിക്കളയുക) ..................രൂപ മാസശമ്പളത്തിൽ / ദിവസശമ്പളത്തിൽ ....................മുതൽ ....................വരെയുള്ള -------വർഷം .......മാസം ......ദിവസം ജോലി നോക്കിയിട്ടുണ്ട് / ജോലി നോക്കി വരികയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് നിശ്ചിത മാതൃകയിൽ ഉള്ള പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണ്

സ്ഥലം :

തീയതി : **ഉദ്യോഗാർത്ഥിയുടെ ഒപ്പ്**

**(c) ശാരീരിക യോഗ്യതകൾ**

ഉയരം : കുറഞ്ഞത് 168 സെ.മീ.

നെഞ്ചളവ് (സാധാരണ) : കുറഞ്ഞത് 81 സെ.മീ

നെഞ്ചളവ് (പൂർണ്ണ ഉച്ഛ്വാസത്തിൽ) : കുറഞ്ഞത് 86 സെ.മീ

*കുറിപ്പ്: പൂർണ്ണ ഉച്ഛ്വാസത്തിൽ നെഞ്ചളവിൽ 5 സെ.മീ വികാസം ഉണ്ടായിരിക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് 160 സെ.മീ ഉയരം മതിയാകുന്നതാണ്. എന്നാൽ മേൽപ്പറഞ്ഞ വിഭാഗം ഉദ്യോഗാർത്ഥികൾക്കും നെഞ്ചളവിൽ കുറഞ്ഞത് 5 സെ.മീ വികാസം എന്ന നിബന്ധന ബാധകമാകുന്നതാണ്.*

**(d) കായികക്ഷമതാ പരീക്ഷ _** നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ പുരുഷൻമാർക്കുള്ള വൺ സ്റ്റാർ നിലവാരത്തിലുള്ള താഴെപ്പറയുന്ന എട്ട് ഇനങ്ങളിൽ ഏതെങ്കിലും അഞ്ച് എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| **ക്രമ നമ്പർ** | **ഇനങ്ങൾ** | **വൺ സ്റ്റാർ നിലവാരം** |
|---|---|---|
| 1. | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2. | ഹൈ ജംപ് | 132.2 സെ.മീ. |
| 3. | ലോംഗ് ജംപ് | 457.2 സെ.മീ. |
| 4. | പുട്ടിംഗ് ദ ഷോട്ട് (7264.ഗ്രാം) | 609.6 സെ.മീ. |
| 5. | ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 സെ.മീ. |
| 6. | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.8 സെ.മീ |
| 7. | പുൾ അപ്പ് അഥവാ ചിന്നിംഗ് | 8 തവണ |
| 8. | 1500 മീറ്റർ ഓട്ടം | 5 മിനിറ്റ് 44 സെക്കന്റ് |

*കുറിപ്പ്: ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവെടുപ്പ് കായികക്ഷമതാ പരീക്ഷയ്ക്ക് മുന്നോടിയായി നടത്തുന്നതാണ്. നിശ്ചിത അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.*

(e) എല്ലാ ഉദ്യോഗാർത്ഥികൾക്കും താഴെപ്പറയുന്ന പ്രകാരമുള്ള മെഡിക്കൽ നിലവാരം ഉണ്ടായിരിക്കണം.

(i) **ചെവി:** നല്ല കേൾവി ശക്തി ഉണ്ടായിരിക്കണം.

(ii) **കണ്ണ്:** കണ്ണടയില്ലാതെ താഴെ പറയുന്ന വിധത്തിലുള്ള കാഴ്ച ശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തണം.

| | | **വലതുകണ്ണ്** | **ഇടതുകണ്ണ്** |
|---|---|---|---|
| a) | ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| b) | സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| c) | കളർ വിഷൻ | സാധാരണ | |
| d) | നിശാന്ധത | ഇല്ലാതിരിക്കണം | |

(iii) **പേശികളും സന്ധികളും :** തളർവാതം ബാധിക്കാത്തതും എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്നതുമായിരിക്കണം.

(iv) **നാഡീവ്യൂഹം :** പൂർണ്ണ ക്ഷമതയുള്ളതും പകർച്ച വ്യാധികളിൽ നിന്നും വിമുക്തമായതും ആയിരിക്കണം.

*കുറിപ്പ്: ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം. വർണാന്ധത, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്. കൂടാതെ മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കാലുകൾ, കോമ്പല്ല് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരത്തിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.*

ശാരീരിക യോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ കായികക്ഷമതാ പരീക്ഷ/പ്രായോഗിക പരീക്ഷ സമയത്ത് ഹാജരാക്കേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിന് രണ്ട് ഭാഗങ്ങൾ ഉണ്ട്. പാർട്ട് 'എ' സർക്കാർ സർവ്വീസിലുള്ള ഒരു ഒഫ്ത്താൽമോളജിസ്റ്റിൽ നിന്നും പാർട്ട് 'ബി' സർക്കാർ സർവ്വീസിലെ അസിസ്റ്റന്റ് സർജൻ/ജൂനിയർ കൺസൾട്ടന്റിന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറിൽ നിന്നും വാങ്ങേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതും പ്രമാണ പരിശോധന സമയത്ത് ആയതിന്റെ അസ്സൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

## FORM OF MEDICAL CERTIFICATE
## PART A – STANDARD OF VISION
## (To be filled by an Ophthalmologist in Government Service)

1. Is there any defect of vision?
   If so, has it been corrected by suitable spectacles so that the distant vision is 6/6 snellen and near vision is 0.5 snellen.
2. Can the applicant readily distinguish the pigmentary colours red and green?
3. Does the applicant suffer from any night blindness?

I have this day, medically examined Sri...................................................... (Name and address) and found that he has no defect of vision which would render him unsuitable for the post of Forest Driver and his standards of vision are as follows.

**Standards of vision**
**(Eye sight without glasses)**

| | | Right Eye | Left Eye |
|---|---|---|---|
| 1) | Distant Vision | ………… Snellen | ………… Snellen |
| 2) | Near Vision | ………… Snellen | ………… Snellen |
| 3) | Field of Vision | ………………………………… | |

(Specify whether full or not. Entry ‘Normal’, ‘Good’ etc. will be inappropriate)

4) Colour Vision ……………………………………
5) Squint
6) Any morbid conditions of the eyes or lids of either eye ……………………………

His standards of vision are fit for the post of Forest Driver.

I certify to the best of my knowledge and belief that the applicant Sri…………………….. is the person herein above described and that the attached photograph has a reasonably correct likeness. (The signature of the Ophthalmologist shall be affixed on the photograph leaving the face clear)

| |
|---|
| PHOTO OF THE CANDIDATE |

Place: Signature
Date: Name & Designation of Medical Officer
*Office Seal*

**PART B - PHYSICAL FITNESS FOR THE POST OF FOREST DRIVER**

***(To be filled up by a Medical Officer not below the rank of an Assistant Surgeon/Junior Consultant)***

1. What is the applicant’s apparent age ?
2. Is the applicant to the best of your judgment, subject to epilepsy, vertigo or any mental ailment likely to effect his efficiency ?
3. Does the applicant suffer from any heart or lungs disorder which might interfere with the performance of his duties as a Driver ?
4. Does the applicant suffer from any degree of deafness, which would prevent his hearing the ordinary sound signals ? Is his hearing perfect ?
5. Has the applicant any deformity or loss of finger, which would interfere with the efficient performance of his duties as a driver ?
6. State of Muscles and Joints (No paralysis and all joints with free movements)

7. State of Nervous System (Perfectly normal and free from any infectious diseases)

8. Does he show any evidence of being addicted to the extensive use of alcohol, tobacco or drinks ?

9. Marks of Identification 1) ……………………………………………………………

2) ……………………………………………………………

He is physically fit for the post of Forest Driver.

I certify to the best of my knowledge and belief that the applicant Sri................................. is the person herein above described and that the attached photograph has a reasonably correct likeness.

(The signature of the Medical officer shall be affixed on the photograph leaving the face clear).

| PHOTO OF THE CANDIDATE |
| --- |

Signature:

*Name :*

*Place:* *Designation & Official Address*

*Date:*

*(Seal)*

*കുറിപ്പ്: കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ 'നോർമൽ', 'ആവറേജ്', 'ഗുഡ്' മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.*

**8.** നേരിട്ടുള്ള നിയമനം മുഖേന ഫോറസ്റ്റ് ഡ്രൈവർമാരായി നിയമിതരാകുന്നവർ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് നിർദ്ദേശിക്കുന്ന ഏതെങ്കിലും ഒരു ഫോറസ്റ്റ് ട്രെയിനിംഗ് സ്കൂളിൽ മൂന്ന് മാസത്തിൽ കൂടാത്ത പരിശീലനത്തിൽ

ഏർപ്പെടേണ്ടതാണ്. അപ്രകാരം പരിശീലനം വിജയകരമായി പൂർത്തിയാക്കാത്തവരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

**9. അപേക്ഷ സമർപ്പിക്കുന്ന രീതി:**

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ **'Apply Now'** -ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2012-നോ അതിനുശേഷമോ എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. **Application link click ചെയ്ത് അപേക്ഷയുടെ പ്രിന്റ് എടുത്ത് സൂക്ഷിക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ പ്രിന്റ് ഔട്ട് കൂടി സമർപ്പിക്കേണ്ടതാണ്.** Password രഹസ്യമായി സൂക്ഷിക്കേണ്ടതും, വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. അവസാന തീയതിക്കു ശേഷം അപേക്ഷയിൽ മാറ്റം വരുത്താനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയില്ല. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**10.** വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് സ്ഥിരീകരണം നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് എതിരെ Rules of Procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

**11.** **അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 01.06.2022** ബുധനാഴ്ച രാത്രി 12 മണി വരെ.

**12.** ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation)

അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

**(വിശദവിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നോക്കുക)**

**സാജു ജോർജ്ജ്**

**സെക്രട്ടറി**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**